# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5671 — 02.07.2014 -ൽ മറുപടിയ്ക്ക്

### ചേലക്കര മണ്ഡലത്തിൽ തടയണയുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) | |
| (എ) | ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്കു കുറുകെ ചെറുതുരുത്തിയിൽ നിർമ്മാണം ആരംഭിച്ച തടയണയുടെപണി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത തടയണയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും തുടക്കത്തിൽ ഭരണാനുമതി നൽകിയത് എന്ത് തുകയ്ക്കാണെന്നും ഇതേവരെ എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | പ്രസ്തുത തടയണയുടെ നിർമ്മാണം 20-11-2008 ന് ആരംഭിച്ചു. 5 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. ഇതേവരെ 2,79,89,700/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | തടയണയുടെ നിർമ്മാണം തടസ്സപ്പെടാനുള്ള കാരണങ്ങളെന്താണെന്നും തടസ്സങ്ങൾ മാറ്റി പണി പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കുമോ ; | (സി) | സ്ഥലത്തിന്റെ ഘടനയ്ക്കനുസരിച്ച് പ്രവർത്തിയിൽ വ്യത്യാസം വരുത്തേണ്ടി വരികയും, ഈ കാലയളവിൽ കരാറുകാരൻ മരണപ്പെടുകയും ഭരണാനുമതി ലഭിച്ച തുകയ്ക്ക് പ്രവർത്തി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുവാൻ കഴിയാതെ വരികയും ചെയ്ത സാഹചര്യത്തിലാണ് തടയണയുടെ നിർമ്മാണം തടസ്സപ്പെട്ടത്. ബാക്കി പ്രവർത്തി ചെയ്യുന്നതിനായി 12.20 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | തടയണ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ബഹു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എത്ര അവലോകന യോഗങ്ങൾ നടന്നുവെന്നും ഏറ്റവും ഒടുവിലായികൂടിയ യോഗമെന്നാണെന്നും ആ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; | (ഡി) | തടയണ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ബഹു.റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന അവലോകനയോഗത്തിൽ ടി പ്രവർത്തി പൂർത്തീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനോട് അഭ്യർത്ഥിക്കുകയുണ്ടായി. |
| (ഇ) | പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഇ) | 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചെക്ക് ഡാമുകളുടെ സ്കീമിൽ ഉൾപ്പെടുത്തിയെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ